## കെ. എസ്. ആർ. ടി. സി. കോച്ച് ബിൽഡർ തസ്തികയിലേക്ക് നടത്തിയ ഇന്റർവ്യൂ

37 (827) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി 8-5-2000 മുതൽ 25-5-2000 വരെ കോച്ച് ബിൽഡർ തസ്തികയിലേയ്ക്ക് നടത്തിയ ഇന്റർവ്യൂവിൽ എത്രപേരെ നിയമിച്ചു ;

(ബി) ഈ നിയമനത്തിൽ സംവരണ തത്വം പാലിച്ചിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് നെടുമങ്ങാട് പനയമുട്ടം നിരപ്പിൽ മുജീബ് റഹ്മാൻ മുഖ്യ മന്ത്രിയുടെ പരാതി സെല്ലിൽ നൽകിയ പരാതിയിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 8-5-2000 മുതൽ 25-5-2000 വരെ നടത്തിയ ഇന്റർവ്യൂവിൽ നിന്നും 22 പേരെ നിയമിച്ചു.

(ബി) ഉണ്ട്.

(സി) പ്രസ്തുത പരാതി സംബന്ധിച്ച് കെ. എസ്. ആർ. ടി. സി. സെൻട്രൽ വർക്സ് മെക്കാനിക്കൽ എഞ്ചിനീയർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ നിന്നും നിലവിലുള്ള 30 ഒഴിവുകളിൽ പൊതുവിഭാഗത്തിൽ നിന്നും 15 പേരെയും സംവരണ വിഭാഗങ്ങളിൽ നിന്നും 7 പേരെയും തെരഞ്ഞെടുത്തതായും ; സംവരണ വിഭാഗത്തിൽ ബാക്കിയുള്ള 5 ഒഴിവുകൾ യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തിയിട്ടില്ലായെന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. ടി ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ആർ. ടി. ഓഫീസ്

38 (835) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകരയിൽ ആരംഭിക്കാൻപോകുന്ന റൂറൽ ആർ. ടി. ഓഫീസിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) വടകര റൂറൽ ആർ. ടി. ഓഫീസ് നിലവിൽ വരുമ്പോൾ വാഹനങ്ങൾ കൂടുതലുള്ള കൊയിലാണ്ടി താലൂക്ക് കേന്ദ്രത്തിൽ ജോയിന്റ് ആർ. ടി. ഓഫീസ് തുറക്കാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) താഴെ കൊടുത്തിരിക്കുന്ന സ്റ്റാഫ് പാറ്റേണോടെ വടകരയിൽ ഒരു റൂറൽ ആർ. ടി. ഓഫീസ് തുടങ്ങുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| 1. | ആർ. ടി. ഒ. | - 1 |
| 2. | ജോയിന്റ് ആർ. ടി. ഒ | - 1 |
| 3. | എം. വി. ഐ. | - 2 |
| 4. | എ. എം. വി. ഐ | - 4 |
| 5. | സീനിയർ സൂപ്രണ്ട് | - 1 |
| 6. | ജൂനിയർ സൂപ്രണ്ട് | - 1 |
| 7. | പി. ആർ. ഒ | - 1 |
| 8. | ഹെഡ് അക്കൗണ്ടന്റ് | - 1 |
| 9. | എൽ. ഡി. സി | - 6 |
| 10. | ടൈപ്പിസ്റ്റ് | - 2 |
| 11. | ഡ്രൈവർ | - 1 |
| 12. | അറ്റൻഡർ | - 2 |
| 13. | പ്യൂൺ | - 3 |
| 14. | പി. ടി. സ്വീപ്പർ | - 1 |

(ബി) ഇക്കാര്യം പരിശോധിച്ച് എത്രയും വേഗം തീരുമാനം കൈക്കൊള്ളുന്നതാണ്.

## കേരളത്തിലെ റെയിൽവേ വികസനം

**39 (840)** ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽവേ വികസനത്തിൽ പങ്കുവഹിക്കാൻ സംസ്ഥാന സർക്കാർ മുന്നോട്ടു വരണമെന്ന കേന്ദ്ര റയിൽവേ മന്ത്രിയുടെ 2000-2001-ലെ ബഡ്ജറ്റ് പ്രസംഗത്തെ തുടർന്ന് സംസ്ഥാനത്തിന്റെ റെയിൽവേ വികസനം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന് എഴുതുകയുണ്ടായോ ;

(ബി) എങ്കിൽ റയിൽവേ വികസനം സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് എന്തെല്ലാം പദ്ധതികൾ സമർപ്പിച്ചു ;

(സി) ഇത് സംബന്ധിച്ച് കേന്ദ്രത്തിന്റെ നിലപാട് എന്തായിരുന്നു എന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) കേന്ദ്ര റെയിൽവേ സഹമന്ത്രി ശ്രീ. ഒ. രാജഗോപാലിന്റെ പത്ര പ്രസ്താവന മാത്രമേ ഇതുസംബന്ധിച്ചുണ്ടായുള്ളു. അല്ലാതെ കേന്ദ്ര സർക്കാരിൽ നിന്നും യാതൊരു വിവരവും ലഭിച്ചിട്ടുള്ളതായി അറിയില്ല.

LIBRARY ARCHIVES Kerala Legislative Assembly